ഉത്തരം

(എ&ബി) ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു.

മെക്കനൈസ്ഡ് പാർക്കിംഗ് സിസ്റ്റം

132 (1506) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ 'മെക്കനൈസ്ഡ് പാർക്കിംഗ് സ്ഥാപിക്കുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംവിധാനം ഒരുക്കുന്നതിനായി 2013-14-ലെ ബഡ്ജറ്റിലും തുടർന്നുള്ള ബഡ്ജറ്റിലും അനുവദിക്കപ്പെട്ട തുക എത്രയാണ്;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചു വെന്നറിയിക്കാമോ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നഗര പ്രദേശങ്ങളിൽ ആധുനിക യന്ത്രവൽകൃത പാർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. എങ്കിലും ശരിയായ പ്രോജക്ട് പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(ബി&സി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

കൊട്ടാരക്കര നഗരസഭ

133 (1507) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നഗരസഭയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുമോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) കൊട്ടാരക്കര നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അവശ്യം വേണ്ട ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly